പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2380 19.07.2016-ൽ മറുപടിയ്ക്ക്

## മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പി.എഫ്. പ്രശ്നം പരിഹരിക്കൽ

**ചോദ്യം** **ഉത്തരം**

**ശ്രീ. മോൻസ് ജോസഫ്** **ഡോ. കെ.റ്റി. ജലീൽ**

**(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ | മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പി.എഫ് ക്രഡിറ്റ് കാർഡ് വിതരണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പി.എഫ് തുക യഥാസമയം വരവ് വെയ്ക്കാത്തതിനാൽ ജീവനക്കാരുടെ അക്കൗണ്ടിൽ എത്താതിരിക്കുന്നതായുള്ള ആക്ഷേപം പരിഹരിക്കുമോ; ആയതിനു വേണ്ടി കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | എ | ഇല്ല. കേരളത്തിലെ നഗരസഭകളിലെ റഗുലർ വിഭാഗം ജീവനക്കാർക്ക് ക്രെഡിറ്റ് കാർഡ് നൽകിയിട്ടില്ല. 28 നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് ക്രെഡിറ്റ് കാർഡ് നൽകിയിട്ടുണ്ട്.<br><br>പി.എഫ് തുക യഥാസമയം വരവ് വയ്ക്കാത്തത് സംബന്ധിച്ച ആക്ഷേപം ലഭിച്ചിട്ടുള്ളത് പരിശോധിച്ച് പരിഹരിക്കുവാൻ നഗരകാര്യ ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>നഗരസഭകളിൽ നിന്ന് ലഭിക്കുന്ന സ്റ്റേറ്റ്മെന്റിൽ പി.എഫ് സെക്ഷനിൽ നിന്നും നേരിട്ട് ഡാറ്റാ എൻട്രി നടത്തുന്നതിന് ആവശ്യമായ സോഫ്റ്റ് വെയർ നൽകുന്നതിന് ഐ.കെ.എം. നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാരുടെ പി.എഫ് ചെക്കുകൾ യഥാസമയം അക്കൗണ്ടിൽ ചേർക്കാതിരിക്കുന്ന കാര്യം പരിശോധിക്കുമോ? വിശദാംശങ്ങൾ അറിയിക്കാമോ? | ബി) | ഡെപ്യൂട്ടേഷനിൽ തുടരുന്ന ജീവനക്കാരുടെ പ്രൊവിഡന്റ് വിഹിതം ഒടുക്കു വരുത്തുന്ന മുറയ്ക്ക് അതാത് ജീവനക്കാരുടെ അക്കൗണ്ടിൽ ചേർത്തു വരുന്നുണ്ട്. |
| സി) | തിരുവനന്തപുരം നഗരസഭയിൽ പി.എഫ് അഡ്വാൻസിന് അപേക്ഷിച്ച ജീവനക്കാരന്റെ ഫയൽ നമ്പർ 4575. തീയതി 06/04/2016 പ്രകാരമുള്ള അപേക്ഷ പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? പ്രസ്തുത അപേക്ഷ സമർപ്പിച്ചതിനു ശേഷം നൽകിയ അപേക്ഷകളിൽ പി.എഫ് അഡ്വാൻസ് അനുവദിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആർക്കൊക്കെയാണെന്ന് അറിയിക്കാമോ? അപേക്ഷകളിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കുന്നതിനും തീർപ്പ കൽപ്പിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുമോ? | സി) | പ്രസ്തുത അപേക്ഷയിന്മേൽ വായ്പ അനുവദിക്കാതിരുന്നതിനുള്ള വിശദീകരണം തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയോട് നഗരകാര്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത അപേക്ഷ സമർപ്പിച്ചതിനു ശേഷം സമർപ്പിച്ച അപേക്ഷകളിൽ താത്ക്കാലിക വായ്പ അനുവദിച്ചതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.<br>പ്രോവിഡന്റ് ഫണ്ട് അപേക്ഷകളിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കുന്നതിനും, തീർപ്പുകൽപ്പിക്കുന്ന തിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുന്നതാണ് എന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്